"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം (വിദ്യാകിരണം) മിഷനിലെ ഉദ്യോഗസ്ഥരുടെ കാലാവധി കഴിഞ്ഞ യാത്രപ്പടി ബില്ലുകൾ മാറി നൽകുന്നതിന് ടിയാളുകളുടെ യാത്ര മുൻകാല പ്രാബല്യത്തോടെ അംഗീകരിച്ച് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എം) വകുപ്പ്**

സ.ഉ.(സാധാ) നം.3391/2023/GEDN തീയതി,തിരുവനന്തപുരം, 12-06-2023

---

പരാമർശം:- പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 01/12/2020 ,9/3/23 എന്നീ തിയതികളിലെ 351/2020/കെ.ഇ.എം നമ്പർ കത്ത്

**ഉത്തരവ്**

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം (വിദ്യാകിരണം) മിഷനിൽ പുനർ നിയമന വ്യവസ്ഥയിൽ നിയമിതനായ ഡോ.സി.രാമകൃഷ്ണൻ, അന്യത്ര സേവന വ്യവസ്ഥയിൽ നിയമിതനായ ഡോ.രതീഷ് കാളിയാടൻ എന്നിവരുടെ ഒരു വർഷം കാലാവധി കഴിഞ്ഞ യാത്രപ്പടി ബില്ലുകൾ സർക്കാർ അനുമതിക്കായി പരാമർശം പ്രകാരം വിദ്യാകിരണം, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ലഭ്യമാക്കിയിരുന്നു. ഡോ.സി. രാമകൃഷ്ണന് 03/19 മുതൽ 06/19 വരെ 11,857/- രൂപയും, ഡോ. രതീഷ് കാളിയാടന് 01/2019 മുതൽ 06/2019 വരെ 24,500/- രൂപയും അനുവദനീയമാണെന്നും, ബില്ലുകളുടെ കൃത്യത, വിശ്വാസ്യത, സ്വീകാര്യത എന്നിവ ഉറപ്പുവരുത്തി കേരള എഡ്യുക്കേഷൻ മിഷനിലെ അക്കൗണ്ട്സ് ഓഫീസർ മേലൊപ്പ ചാർത്തിയിട്ടുള്ളതും, യാത്രാ ബത്ത പരിധിക്ക് വിധേയമായി അനുവദിച്ച് കൊണ്ട് വിദ്യാകിരണം, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ നടപടിക്രമം പുറപ്പെടുവിച്ചിട്ടുള്ളതും, അനുവദിക്കാവുന്നതാണെന്ന് ശിപാർശ ചെയ്തിട്ടുള്ളതുമാണെന്നും പ്രസ്തുത ബില്ലുകൾ സമർപ്പിക്കാൻ താമസിച്ചത് കോവിഡ് 19 മഹാമാരിയുടെ ഭാഗമായ ലോക്ക് ഡൗൺ കാരണമാണെന്ന് ഉദ്യോഗസ്ഥർ സൂചിപ്പിച്ചിട്ടുണ്ടെന്നും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോ ധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം (വിദ്യാകിരണം) മിഷനിൽ പുനർ നിയമന വ്യവസ്ഥയിൽ നിയമിതനായ ഡോ.സി.രാമകൃഷ്ണന്റെ 03/2019 മുതൽ 06/2019 വരെയുള്ള യാത്ര അംഗീകരിച്ചു കൊണ്ടും ടി കാലയളവിലെ 11,857/- രൂപയുടെയും, അന്യത്ര സേവന വ്യവസ്ഥയിൽ നിയമിതനായ ഡോ.രതീഷ് കാളിയാടന്റെ 01/2019 മുതൽ 06/2019 വരെയുള്ള കാലയളവിലെ യാത്ര അംഗീകരിച്ചു കൊണ്ടും ടി കാലയളവിലെ 24,500/- രൂപയുടെയും കാലഹരണപ്പെട്ട യാത്രാപ്പടി ബില്ലുകൾ മുൻകാല പ്രാബല്യത്തോടെ മാറി നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശ്രീലത ആർ എസ്
ജോയിന്റ് സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ, നവകേരളം കർമപദ്ധതി II, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്

ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ, കൈറ്റ്, പൂജപ്പുര (പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )

ഐ & പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Namitha T
Date: 12-06-2023 16:45:41